ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1170

# സൂറ-41 / ഹാമീം അസ്സജദ - ഫുസ്സ്വിലത്

## സൂക്തം: 33-36

തിന്മയെ ഏറ്റം വിശിഷ്ടമായ നടപടികൊണ്ട് പ്രതിരോധിക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. പല സദ്സ്വഭാവങ്ങളുമുള്ളവർക്കു മാത്രം സാധ്യമാകുന്ന മഹാകാര്യമാണത്. ഒന്നാമതായി വേണ്ടത് സഹനശക്തിയും ക്ഷമാശീലവുമാണ്. അടിച്ചാൽ അതിലും ശക്തമായി തിരിച്ചടിക്കുന്നത് അന്തസ്സും അഭിമാനവുമായി കാണുന്നവരാണ് അധികമാളുകളും. അടികൊണ്ട് മിണ്ടാതിരിക്കുന്നതും അടിച്ചവരോട് ഗുണാകാംക്ഷ പ്രകടിപ്പിക്കുന്നതും അവരുടെ വീക്ഷണത്തിൽ തികച്ചും നാണം കെട്ട ഇടപാടാണ്. ഇങ്ങനെ ചിന്തിക്കുന്നവർക്ക് തിന്മയെ നന്മകൊണ്ട് തടയാനാവില്ല.

وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَآ إِلَى ٱللَّهِ وَعَمِلَ صَٰلِحًا وَقَالَ إِنَّنِى مِنَ ٱلْمُسْلِمِينَ ﴿٣٣﴾

33. സാക്ഷാൽ സത്യദൈവത്തിലേക്ക് ജനത്തെ ക്ഷണിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ഞാൻ മുസ്‌ലിമാകുന്നു എന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നവനെക്കാൾ വചനത്താൽ ശ്രേഷ്ഠനായി ആരാണുള്ളത്?

**33**

وَمَنْ أَحْسَنُ قَوْلًا = വചനത്താൽ ശ്രേഷ്ഠനായി ആരാണുള്ളത്?

مِّمَّن دَعَا إِلَى اللَّهِ = അല്ലാഹുവിലേക്ക് -സാക്ഷാൽ സത്യദൈവത്തിലേക്ക് (ജനത്തെ) ക്ഷണിച്ചവനെക്കാൾ (ക്ഷണിക്കുകയും)

وَعَمِلَ صَالِحًا = സൽക്കർമങ്ങൾ ആചരിക്കുകയും ചെയ്തവനെക്കാൾ

وَقَالَ إِنَّنِي مِنَ الْمُسْلِمِينَ = ഞാൻ മുസ്‌ലിംകളിൽ പെട്ടവനാകുന്നു എന്നു പറയുകയും (പ്രഖ്യാപിക്കുകയും) ചെയ്തവനെക്കാൾ

ഈ സൂക്തത്തിന് പല അർഥതലങ്ങളുണ്ട്. തൊട്ടുമുമ്പുള്ള സൂക്തങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ളതാണ് ഒന്ന്. അല്ലാഹു മാത്രമാകുന്നു ഞങ്ങളുടെ റബ്ബ് എന്ന് പ്രഖ്യാപിക്കുകയും ആ മാർഗത്തിൽ ശരിയായി നിലകൊള്ളുകയും ചെയ്യുന്നവർ ഏറ്റം വിശിഷ്ടമായ ആദർശത്തിന്റെ വാഹകരും വക്താക്കളും പ്രബോധകരും പ്രയോക്താക്കളും, തങ്ങളുടെ ആ ആദർശത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരാണെന്ന് സധൈര്യം ലോകത്തോട് പറയുന്നവരുമായിരിക്കും. വചനത്താൽ ഏറ്റം നല്ലവൻ ആരുണ്ട് - مَنْ أَحْسَنُ قَوْلًا എന്ന ചോദ്യപ്രയോഗം നിഷേധാർഥത്തിലുള്ളതാണ്. ഞങ്ങളുടെ റബ്ബ് അല്ലാഹുവാണെന്ന് പ്രഖ്യാപിച്ച് ആ മാർഗത്തിൽ നിലകൊള്ളുന്നവർ ജനങ്ങളെ അല്ലാഹുവിങ്കലേക്ക്, ദീനുൽ ഇസ്‌ലാമിലേക്ക് പ്രബോധനം ചെയ്യുന്നവരുമാകുന്നു. അവരെക്കാൾ വിശിഷ്ടമായ വചനം പറയുന്നവർ ആരുമില്ല; ഉണ്ടെന്നു പറയാൻ ആർക്കും കഴിയില്ല എന്നാണ് ഉദ്ദേശ്യം.

സൽക്കർമവും, ഞാൻ മുസ്‌ലിമാകുന്നു എന്ന് നിസ്സങ്കോചം ലോകത്തോട് വിളിച്ചുപറയാനുള്ള ധൈര്യവും അല്ലാഹുവാകുന്നു ഞങ്ങളുടെ റബ്ബ് എന്ന ആദർശത്തിൽ നിലകൊള്ളുന്നതിന്റെ പ്രായോഗിക രൂപങ്ങളാണ്. ഈ പ്രബോധനത്തിനു നേരെ തങ്ങളുടെ മനസ്സുകൾ അടച്ചുപൂട്ടുകയും ചെവികളിൽ അടപ്പിടുകയും ചെയ്തിരിക്കുന്നുവെന്ന് 5-ാം സൂക്തത്തിലും, സ്വയം ഖുർആൻ കേൾക്കാതിരിക്കുന്നതോ

ടൊപ്പം അതു കേൾക്കുന്ന സാധാരണക്കാരെ ആട്ടിപ്പായിക്കുന്നുവെന്ന് 26-ാം സൂക്തത്തിലും സത്യനിഷേധികളുടെ നേതാക്കളെ ഉദ്ധരിക്കുന്നുണ്ടല്ലോ. അത്തരക്കാർക്കുള്ള മറുപടിയാണിത്. നിങ്ങൾ കേൾക്കാൻ കൂട്ടാക്കാതിരിക്കുകയും കേൾക്കുന്നവരെ വിലക്കുകയും ചെയ്യുന്ന ഈ പ്രബോധനമുണ്ടല്ലോ, വാസ്തവത്തിൽ അതിനെക്കാൾ ശ്രേഷ്ഠമായ ഒരു പ്രബോധനവും ഈ ലോകത്തില്ല. നിങ്ങളുടെ സ്രഷ്ടാവും വിധാതാവുമായ അല്ലാഹുവിലേക്കുള്ള ക്ഷണമാണത്. അതിനെക്കാൾ മഹത്തരമായ ഒരു ക്ഷണം ആർക്ക്, എങ്ങോട്ടാണ് നടത്താൻ കഴിയുക?! ഇവിടെ قول -വചനം- കൊണ്ടുദ്ദേശ്യം കലിമതുത്തൗഹീദ് - لا اله الاّالله محمد الرّسول الله ആണെന്നും വിളിക്കുന്നവൻ മുഹമ്മദ് നബി ആണെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വം തൗഹീദും അതിന്റെ മുഖ്യ പ്രബോധകൻ മുഹമ്മദ് നബിയും ആണല്ലോ. ഖുറൈശി മുശ്‌രിക്കുകൾ ഏറെ ആക്ഷേപിച്ചിരുന്നതും ദ്രോഹിച്ചിരുന്നതും അദ്ദേഹത്തെയാണ്. എങ്കിലും തൗഹീദിനെയും പ്രവാചകനെയും മാത്രം ഉദ്ദേശിച്ചാണീ വചനം എന്നു വ്യാഖ്യാനിക്കാൻ അതു മതിയായ ന്യായമല്ല. ഈ സൂക്തം സാധുവാകുന്നവരിൽ പ്രധാനി പ്രവാചകനാണെന്നതിൽ തർക്കമില്ല. തൊട്ടുമുമ്പുള്ള സൂക്തങ്ങളിൽ 'ഞങ്ങളുടെ നാഥൻ അല്ലാഹു മാത്രമാണെന്ന് പറഞ്ഞവർ' എന്ന ബഹുവചന പ്രയോഗത്തിൽ എല്ലാ സത്യവിശ്വാസികളും ഉൾപ്പെടുന്നു. അവരെക്കുറിച്ചു തന്നെയാണ് തുടർന്നു പറയുന്നത് എന്നു കരുതുന്നതാണ് കൂടുതൽ യുക്തം. دَعَا إِلَى اللَّهِ - എന്നു പറയുന്നത്. കലിമതുത്തൗഹീദിലേക്കു മാത്രമുള്ള ക്ഷണവും ആകുന്നില്ല. തുടർന്നുവരുന്ന وَعَمِلَ صَالِحًا - إِنَّنِي مِنَ الْمُسْلِمِينَഎന്നീ വാക്യങ്ങളിൽനിന്ന് അതു വ്യക്തമാണ്. അല്ലാഹുവിലേക്കുള്ള ക്ഷണം ലാഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞുകൊണ്ടിരിക്കൽ മാത്രമല്ല. അതിന്റെ താൽപര്യമായി വരുന്ന ശരീഅത്തനുസരിച്ചു ജീവിച്ചുകാണിക്കൽ കൂടിയാണ്. വാചികമായ പ്രബോധനത്തെക്കാൾ കർമണായുള്ള പ്രബോധനം, മാതൃകാപരമായ ജീവിതചര്യക്കു പുറമെ ജിഹാദും ദൈവപ്രീതി കാംക്ഷിച്ചുകൊണ്ടുള്ള ഗ്രന്ഥരചനയും ജനസേവനവും സാഹിത്യ കലാപ്രവർത്തനങ്ങളുമെല്ലാം ദഅ്‌വത്തിന്റെ വിവിധ രൂപങ്ങളാകുന്നു.

ദീനുൽ ഇസ്‌ലാം പ്രബോധനം ചെയ്യാൻ അതിന്റെ അനുയായികളോടുള്ള കൽപനയാകുന്നു ഇതെന്നാണ് സൂക്തത്തിന്റെ മൂന്നാമത്തെ മാനം. അല്ലാഹുവിനെ റബ്ബായി സ്വീകരിക്കുകയും ആ ആദർശത്തിൽ നിലകൊള്ളുകയും ചെയ്യുന്നവർക്ക് തങ്ങളിൽ തന്നെ ചുരുണ്ടുകൂടാൻ കഴിയില്ല. എന്റെ റബ്ബ് അല്ലാഹുവാണ്, ബാക്കിയുള്ളവർ അതംഗീകരിക്കുകയോ നിഷേധിക്കുകയോ ചെയ്തുകൊള്ളട്ടെ; എനിക്കൊന്നുമില്ല എന്ന നിലപാട് 'എന്റെ റബ്ബ് അല്ലാഹുവാകുന്നു' എന്ന പ്രതിജ്ഞയിൽ നേരായി നിലകൊള്ളുന്നതിനെതിരാകുന്നു. 'റബ്ബുനല്ലാഹ്' അതിന്റെ വിശാലമായ അർഥത്തിൽ ബോധ്യപ്പെട്ടു സ്വീകരിച്ചവരുടെ അനിഷേധ്യമായ കടമയാകുന്നു സഹ ജീവികളെ ആ സത്യത്തിലേക്കു വിളിക്കുക എന്നത്. മുസ്‌ലിമായവനിൽ ഈമാൻ നിറഞ്ഞു കഴിയുമ്പോൾ അതു സഹജീവികളിലേക്ക് വഴിഞ്ഞൊഴുകാതെ തരമില്ല. തനിക്കു വേണ്ടി ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനു വേണ്ടിയും ഇഷ്ടപ്പെടുന്നവനാണ് സത്യവിശ്വാസി المؤمن يحبّ لاخيه مايحب لنفسه. 'ലോകം മുഴുവൻ നേടുന്നതിനെക്കാൾ മഹത്തരമാണ് നിങ്ങളിലൂടെ ഒരാൾ സന്മാർഗം പ്രാപിക്കുന്നത്' എന്ന് നബി(സ) പഠിപ്പിച്ചിരിക്കുന്നു. ഒരു സമൂഹത്തിൽ ഒറ്റക്ക് ഒരാൾക്ക് استقامةസാധ്യമാവുകയില്ല. استقامة-ന്റെ പ്രഥമ ധർമം നമസ്കാരമാണല്ലോ. നമസ്കാരം اقامة الصلاة ആകണമെങ്കിൽ വ്യവസ്ഥാപിതമായും സംഘടിതമായും നിർവഹിക്കണം. ഇതുപോലെ സകാത്തിനും നോമ്പിനും ഹജ്ജിനുമെല്ലാം വ്യക്തമായ സാമൂഹിക മാനങ്ങളുമുണ്ട്. മുസ്‌ലിം വ്യക്തികളിലൂടെ മുസ്‌ലിം സമൂഹം, മുസ്‌ലിം സമൂഹങ്ങളിലൂടെ മുസ്‌ലിം ലോകം എന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. استقامة വ്യക്തിക്കുമാത്രം പറഞ്ഞിട്ടുള്ളതല്ല. സമൂഹവും ലോകവുമെല്ലാം مستقيم ആവേണ്ടതുണ്ട്. ദഅ്‌വത്തും ജിഹാദും ആണ് അതിലേക്കുള്ള മാർഗം. ദഅ്‌വത്ത് പീഡനങ്ങളും പ്രതിബന്ധങ്ങളും തരണം ചെയ്തുകൊണ്ടാകുമ്പോൾ അത് ജിഹാദാകുന്നു. പ്രവാചകന്മാരുടെ കാലം മുതലേ ദഅ്‌വത്ത് -പ്രബോധനം- ജിഹാദ് ആവശ്യപ്പെട്ടുവന്നിട്ടുണ്ട്. ഇന്നും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. നബി(സ) പ്രസ്താവിച്ചതായി ഇമാം അഹ്മദും തിർമിദിയും അബൂദാവൂദും ഉദ്ധരിക്കുന്നു: اعظم الجهاد كلمة حق عند سلطان جائر- 'ദുഷ്ടനായ ഭരണാധികാരിക്കു മുമ്പിൽ സത്യം പറയുകയാണ് ഏറ്റം മഹത്തായ ജിഹാദ്.' സത്യപ്രബോധനത്തിന്റെ പ്രാധാന്യം മാത്രം പറയുന്ന ഒരു കൊച്ചു സൂറഃ തന്നെയുണ്ട്; സൂറത്തുൽ *അസ്വ്ർ.*

وَالْعَصْرِ ﴿١﴾ إِنَّ الْإِنسَانَ لَفِي خُسْرٍ ﴿٢﴾ إِلَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْرِ ﴿٣﴾

"കാലംസാക്ഷി, മനുഷ്യൻ മഹാനഷ്ടത്തിലാകുന്നു. സത്യ-ധർമങ്ങളിൽ വിശ്വസിക്കുകയും സൽക്കർമങ്ങളാചരിക്കുകയും പരസ്പരം സത്യമുദ്ബോധിപ്പിക്കുകയും ക്ഷമയുപദേശിക്കുകയും ചെയ്ത ജനമൊഴിച്ച്." വേറെയും പല സ്ഥലങ്ങളിൽ പല ശൈലിയിൽ വ്യഷ്ടിഗതവും സമഷ്ടിഗതവുമായ സത്യപ്രബോധനം കൽപിച്ചതായി കാണാം:

ادْعُ إِلَىٰ سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ ۖ وَجَادِلْهُم بِالَّتِي هِيَ أَحْسَنُ ۚ

(നീ യുക്തിയുക്തമായും ഹൃദയാവർജകമായ സദുപദേശമായും നിന്റെ നാഥന്റെ മാർഗത്തിലേക്ക് പ്രബോധനം ചെയ്തുകൊണ്ടിരിക്കേണം -16:125).

كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنكَرِ وَتُؤْمِنُونَ بِاللَّهِ ۗ

(നിങ്ങൾ മാനവമാർഗദർശനാർഥം എഴുന്നേൽപിക്കപ്പെട്ട വിശിഷ്ട സമുദായമാകുന്നു. നിങ്ങൾ ധർമം കൽപിക്കുകയും അധർമം വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു -3:110).

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ ۚ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿١٠٤﴾

(ജനത്തെ നന്മയിലേക്ക് പ്രബോധനം ചെയ്യുകയും ധർമം കൽപിക്കുകയും അധർമം വിലക്കുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽ ഉണ്ടായിത്തീരേണ്ടതാകുന്നു. ഈ ദൗത്യം നിർവഹിക്കുന്നവരാകുന്നു വിജയം പ്രാപിക്കുന്നവർ -3:104).

അചഞ്ചലനായ സത്യവിശ്വാസി താൻ മുസ്‌ലിമായിരി

ക്കുന്നതിൽ അഭിമാനവും അന്തസ്സും അനുഭവിക്കുന്നവനായിരിക്കും. താൻ മുസ്‌ലിമാണെന്ന് മറ്റുള്ളവരെ അറിയിക്കുന്നതിൽ അവന് ഭീതിയോ സങ്കോചമോ ഉണ്ടാവില്ല. അവർ മുസ്‌ലിം മാതാപിതാക്കൾക്ക് പിറന്നുപോയതുകൊണ്ട് മാത്രം മുസ്‌ലിമായവനും, ഇസ്‌ലാം തങ്ങളിൽ വന്നുപെട്ട ഒരേടാകൂടമോ മഹാഭാരമോ ആണെന്നു കരുതി കാലം കഴിക്കുന്നവനുമല്ല. താൻ ഒരു മുസ്‌ലിമാണെന്ന് എവിടെയും ലോകത്തോട് സധൈര്യം, സാഭിമാനം വിളിച്ചു പറയുന്നവരാണവർ. ഈ ധൈര്യവും അഭിമാന ബോധവും ദീനീ പ്രബോധനത്തിന്റെ അനിവാര്യ യോഗ്യതയാകുന്നു. ●

---

وَلَا تَسْتَوِى ٱلْحَسَنَةُ وَلَا ٱلسَّيِّئَةُ ٱدْفَعْ بِٱلَّتِى هِىَ أَحْسَنُ فَإِذَا ٱلَّذِى بَيْنَكَ وَبَيْنَهُۥ عَدَٰوَةٌ كَأَنَّهُۥ وَلِىٌّ حَمِيمٌ ﴿٣٤﴾

34. നന്മയും തിന്മയും തുല്യമാകുന്നില്ല. തിന്മയെ നീ ഏറ്റം നല്ലതുകൊണ്ട് തടയേണം. അപ്പോൾ നിന്നോട് ശത്രുതയുള്ളവൻ ഉറ്റമിത്രമെന്നോണമായിത്തീരുന്നതു കാണാം.

وَمَا يُلَقَّىٰهَآ إِلَّا ٱلَّذِينَ صَبَرُوا۟ وَمَا يُلَقَّىٰهَآ إِلَّا ذُو حَظٍّ عَظِيمٍ ﴿٣٥﴾

35. സഹന ശേഷിയുള്ളവർക്കല്ലാതെ അതു പ്രാപിക്കാനാവില്ല. മഹാഭാഗ്യവാന്മാർക്കല്ലാതെ അതിനുള്ള ഉതവി ലഭിക്കുന്നതുമല്ല.

وَإِمَّا يَنزَغَنَّكَ مِنَ ٱلشَّيْطَٰنِ نَزْغٌ فَٱسْتَعِذْ بِٱللَّهِ ۖ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٣٦﴾

36. ചെകുത്താൻ നിന്നെ പ്രകോപിപ്പിച്ചാൽ ഉടനെ അല്ലാഹുവിൽ ശരണം തേടിക്കൊള്ളണം. തീർച്ചയായും എല്ലാം കേട്ടുകൊണ്ടിരിക്കുന്ന സർവജ്ഞൻ തന്നെയാണവൻ.

**34-36**

وَلَا تَسْتَوِي = തുല്യമാകുന്നില്ല, സമമാകുന്നില്ല الْحَسَنَةُ وَلَا السَّيِّئَةُ = നന്മയും തിന്മയും

ادْفَعْ = (തിന്മയെ) നീ തടയേണം, പ്രതിരോധിക്കേണം

بِالَّتِي هِيَ أَحْسَنُ = ഏറ്റം നന്മയായ (നല്ല)തുകൊണ്ട് فَإِذَا = അപ്പോൾ അതാ(നിനക്കു കാണാം)

الَّذِي بَيْنَكَ وَبَيْنَهُ عَدَاوَةٌ = (നിന്നോട് ശത്രുതയുള്ളവൻ) അവൻ നിനക്കും ആർക്കുമിടയിലാണോ ശത്രുതയുള്ളത്

كَأَنَّهُ وَلِيٌّ حَمِيمٌ = (ആയിത്തീരുന്നത്) ഉറ്റമിത്രം എന്നോണം وَمَا يُلَقَّاهَا = അത് പ്രാപിക്കുകയില്ല, ലഭിക്കുകയില്ല

إِلَّا الَّذِينَ صَبَرُوا = (സഹനശേഷിയുള്ളവർക്കല്ലാതെ) ക്ഷമിച്ചവരായവർക്കല്ലാതെ

وَمَا يُلَقَّاهَا = അത് (അതിനുള്ള ഉതവി) ലഭിക്കുകയില്ല

إِلَّا ذُو حَظٍّ عَظِيمٍ = വലിയ ഭാഗ്യമുടയവ(മഹാഭാഗ്യവാന്മാ)ർക്കല്ലാതെ

وَإِمَّا يَنزَغَنَّكَ مِنَ الشَّيْطَانِ = ചെകുത്താൻ നിന്നെ കുത്തിയാ(പ്രകോപിപ്പിച്ചാ)ൽ نَزْغٌ = ഒരു കുത്ത്, പ്രകോപനം

فَاسْتَعِذْ بِاللَّهِ = ഉടനെ നീ അല്ലാഹുവിൽ ശരണം തേടിക്കൊള്ളണം إِنَّهُ = തീർച്ചയായും അവൻ

هُوَ السَّمِيعُ الْعَلِيمُ = എല്ലാം കേൾക്കുന്ന (കേട്ടുകൊണ്ടിരിക്കുന്ന) സർവജ്ഞൻ ആകുന്നു

ഇസ്‌ലാമിക പ്രബോധനം ഏറെ സഹനവും സ്ഥൈര്യവും ആവശ്യമുള്ള ദൗത്യമാണെന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. പ്രബോധകൻ പ്രാഥമികമായി മനസ്സിലാക്കുകയും പാലിക്കുകയും ചെയ്യേണ്ട ചില പ്രബോധന മര്യാദകൾ ഉണർത്തുകയാണിവിടെ. നന്മയും തിന്മയും തുല്യമല്ല എന്നത് പ്രത്യക്ഷത്തിൽ എല്ലാവർക്കുമുള്ള സ്വാഭാവിക ജ്ഞാനമാണ്. അത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമില്ല. പക്ഷേ, രണ്ടു സംഗതികൾ പരിഗണിക്കുമ്പോൾ ഈ തത്ത്വം അതിപ്രധാനവും ഗഹനവുമാകുന്നു. നന്മയെന്ത്, തിന്മയെന്ത് എന്നതാണ് ഒന്നാമത്തെ വിഷയം. ഓരോരുത്തരും അവരവർക്ക് ബോധിച്ചത് നന്മയെന്നും അതിനെതിരായത് തിന്മയെന്നും കരുതുന്നു. അപ്പോൾ ഒരാൾക്ക് നന്മയായത് മറ്റൊരാൾക്ക് തിന്മയും മറിച്ചും ആകുന്നു. ഒരാൾക്കു തന്നെ ഒരിക്കൽ നന്മയായി തോന്നിയത് പിന്നീട് തിന്മയായി തോന്നാം. അതായത്, സ്ഥായിയായ നന്മയും തിന്മയും ഇല്ല. ഒരുവന് ഇഷ്ടപ്പെട്ടത് നന്മയും വെറുക്കുന്നത് തിന്മയുമാകുന്നു. ഇസ്‌ലാമിക ദർശനം നന്മയെയും തിന്മയെയും കൃത്യമായും ലളിതമായും വേർതിരിച്ചിരിക്കുന്നു. അല്ലാഹു ഇഷ്ടപ്പെടുന്ന വാക്കും വിചാരവും കർമവുമാണ് നന്മ. അവനിഷ്ടപ്പെടാത്തതെന്തും തിന്മയും. അല്ലാഹുവിന്റെ ഇഷ്ടാനിഷ്ടങ്ങൾ എങ്ങനെ അറിയാം? അതറിയിക്കാനാണ് ദൈവദൂതന്മാർ നിയുക്തരായതും വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കപ്പെട്ടതും. അവയെ വിശ്വസിക്കുകയും അനുസരിക്കുകയുമാണ് അടിസ്ഥാനപരമായ നന്മ. അവിശ്വസിക്കുകയും ധിക്കരിക്കുകയും ചെയ്യുന്നത് അടിസ്ഥാനപരമായ തിന്മയും. ഈയർഥത്തിൽ മൗലികമായ حَسَنَة ഇസ്‌ലാമും മൗലികമായ سَيِّئَة കുഫ്‌റുമാകുന്നു. ഇവ തമ്മിലുള്ള വൈരുധ്യം അവയെ അഭിമുഖീകരിക്കുന്നവർക്ക് അനുഭവപ്പെടാതിരിക്കില്ല. ഇസ്‌ലാമിനെയും കുഫ്‌റിനെയും ഉദ്ദേശിച്ചുകൊണ്ട് ഖുർആൻ ഇത്തരം ദ്വന്ദ്വങ്ങൾ വേറെയും പറഞ്ഞതായി കാണാം. ഉദാ: ഇരുട്ടും

വെളിച്ചവും; അന്ധതയും കാഴ്ചയും.

'നന്മയും തിന്മയും തുല്യമല്ല' എന്ന വാക്യത്തിന്റെ താൽപര്യം നന്മയുടെയും തിന്മയുടെയും അനന്തരഫലം ഒന്നായിരിക്കുകയില്ല എന്നാണെന്ന് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. നന്മയാചരിക്കുന്നവർ അതിന്റെ അനന്തരഫലമായി സ്വർഗം പ്രാപിക്കുന്നു; തിന്മയാചരിക്കുന്നവർ അതിന്റെ അനന്തരഫലമായി നരകവും. ഇതു നന്മ-തിന്മകളുടെ ആത്മീയമായ അനന്തരഫലങ്ങളാണ്. അവയുടെ ക്ഷണികമായ ഭൗതിക ഫലങ്ങളും തുല്യമാവുകയില്ല. നന്മ ചെയ്യുന്നവർക്ക് പരലോകത്ത് മാത്രമല്ല, ഇഹലോകത്തും അതിന്റെ ഗുണം അനുഭവിക്കാം. തിന്മ ചെയ്യുന്നവർ പാരത്രിക ശിക്ഷക്കു പുറമെ ഈ ലോകത്തും അതിന്റെ തിക്ത ഫലങ്ങൾ അനുഭവിക്കേണ്ടി വരും. ഇതാണ് ഇവിടെ ഊന്നിപ്പറയുന്നതെന്ന് തുടർന്നുള്ള വാക്യം സൂചിപ്പിക്കുന്നു.

ദുഷ്ട ജനത്തിൽനിന്നുണ്ടാകുന്ന തിന്മകളെ ഏറ്റം മികച്ച നന്മകൊണ്ടുവേണം നേരിടാൻ. എല്ലാ സത്യവിശ്വാസികളോടുമുള്ള അമൂല്യമായ ഉപദേശമാണിത്. ഇവിടെ സംബോധന ചെയ്യുന്നത് പ്രബോധകരെ ആണല്ലോ. അവരുടെ ദൗത്യനിർവഹണത്തിൽ ഏറെ പ്രധാനമാണീ പ്രതികരണ രീതിയെന്നാണതിന്റെ സൂചന. അപരനിൽനിന്ന് ഒരു ദ്രോഹമുണ്ടായാൽ നാലു വിധത്തിൽ പ്രതികരിക്കാം: ഒന്ന്, ഇങ്ങോട്ട് ഒരടിയടിച്ചവന് അങ്ങോട്ട് രണ്ടോ നാലോ അടികൊടുക്കുക. ഇത് അധാർമികമായ പ്രതികരണമാണ്. രണ്ട്, ഇങ്ങോട്ടടിച്ചതുപോലെ അങ്ങോട്ടും ഒരടികൊടുക്കുക. അതു ന്യായമായ അവകാശമാണ്. മൂന്ന്, അടികൊണ്ടവൻ തിരിച്ചടിക്കാൻ കഴിവുണ്ടായിട്ടും അതിനു മുതിരാതെ ക്ഷമിക്കുക. ക്ഷമാശീലവും സഹനശേഷിയും ഉള്ളവർക്ക് അതാണ് ഉത്തമം - خير. അല്ലെങ്കിൽ حسن. 16:126-ൽ പറയുന്നു:

وَإِنْ عَاقَبْتُمْ فَعَاقِبُوا بِمِثْلِ مَا عُوقِبْتُم بِهِ ۖ وَلَئِن صَبَرْتُمْ لَهُوَ خَيْرٌ لِّلصَّابِرِينَ

'നിങ്ങൾ ശിക്ഷിക്കുന്നുവെങ്കിൽ നിങ്ങൾ ദ്രോഹിക്കപ്പെട്ടതുപോലെ ശിക്ഷിച്ചുകൊള്ളുക. നിങ്ങൾ ക്ഷമിക്കുകയാണെങ്കിൽ, അതാണ് ക്ഷമാശീലവും സഹനശേഷിയുമുള്ളവർക്കുത്തമം.'

നാല്, പ്രതികാരം ചെയ്യാൻ കഴിവുണ്ടായിട്ടും അതു ചെയ്യാതെ ക്ഷമിക്കുന്നതോടൊപ്പം ആ ദ്രോഹിയോട് സ്നേഹവും ഗുണകാംക്ഷയും പ്രകടിപ്പിക്കുക. അടിച്ചവനോട് നിങ്ങൾ പറയുന്നു: സുഹൃത്തേ, നിങ്ങളുടെ അടി അർഹിക്കുന്ന കുറ്റം ഞാൻ ചെയ്തിട്ടുണ്ടെങ്കിൽ അല്ലാഹു എനിക്കു പൊറുത്തു തരുമാറാകട്ടെ, അതല്ല നിങ്ങൾ അക്രമമായിട്ടാണ് എന്നെ അടിച്ചതെങ്കിൽ ആ അക്രമം അല്ലാഹു നിങ്ങൾക്കു പൊറുത്തുതരുമാറാകട്ടെ. എനിക്ക് നിങ്ങളോട് ശത്രുതയില്ല. നമുക്ക് നല്ല സുഹൃത്തുക്കളായി വർത്തിക്കാം.'' ഇതാണ് احسن- ഏറ്റം വിശിഷ്ടമായ പ്രതികരണം. മനഃസാക്ഷി പൂർണമായി മരിച്ചുകഴിഞ്ഞിട്ടില്ലാത്ത ഏത് അക്രമിയുടെയും ഹൃദയത്തെ ഈ പ്രതികരണം ചലിപ്പിക്കാതിരിക്കുകയില്ല. എതിർപ്പും കൈയേറ്റവും ഭർത്സനവും കല്ലേറും ഏൽക്കുമ്പോൾ അതേൽപിക്കുന്നവർക്ക് വേണ്ടി പ്രാർഥിക്കുന്ന മനസ്സിന്റെയും അതിനു പ്രേരിപ്പിക്കുന്ന ദർശനത്തിന്റെയും ശ്രേഷ്ഠതയും മഹത്വവും അവർ തിരിച്ചറിയും. ആ ഒരൊറ്റ നടപടികൊണ്ട് മനഃസാക്ഷിയുള്ളവർ നിങ്ങളുടെ ഉറ്റമിത്രമായി മാറുന്നു. ولي-ന്റെ അർഥം *ഖുർആൻ ബോധനം* നേരത്തെ വിശദീകരിച്ചിട്ടുള്ളതാണ്. ഉറ്റ സുഹൃത്തും സഹായിയുമാണ് ഇവിടെ ഉദ്ദേശ്യം. വലിയ്യിന്റെ പര്യായമാണ് حميم. ഊഷ്മളമായ കൂറും സ്നേഹവും സഹായ സന്നദ്ധതയുമുള്ള മിത്രമാണ് وَلِيٌّ حَمِيمٌ. പ്രകോപിതരായി അക്രമത്തിനു മുതിരേണ്ട സന്ദർഭങ്ങളിൽ സഹനത്തിന്റെയും സ്നേഹത്തിന്റെയും വിനയത്തിന്റെയും ഗുണകാംക്ഷയുടെയും സമീപനം സ്വീകരിച്ചതിനാൽ ബദ്ധവൈരികൾ ഉറ്റമിത്രങ്ങളായി മാറിയ നിരവധി സംഭവങ്ങൾ പ്രവാചകന്റെയും സ്വഹാബത്തിന്റെയും ചരിത്രത്തിൽ കാണാം. ഉഹുദിലും ഖൻദഖിലുമൊക്കെ പ്രവാചകനെതിരെ പടനയിച്ച അബൂസുഫ്യാനെ പിന്നീട് ഇസ്‌ലാമിലേക്കു നയിച്ചത്, മക്കാ വിമോചനത്തെ തുടർന്ന് പ്രവാചകനിൽനിന്നു ലഭിച്ച ഉദാരമായ സമീപനവും സാമ്പത്തിക സമ്മാനവുമായിരുന്നു.

തിന്മയെ ഏറ്റം വിശിഷ്ടമായ നടപടികൊണ്ട് പ്രതിരോധിക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. പല സദ്സ്വഭാവങ്ങളുമുള്ളവർക്കു മാത്രം സാധ്യമാകുന്ന മഹാകാര്യമാണത്. ഒന്നാമതായി വേണ്ടത് സഹനശക്തിയും ക്ഷമാശീലവുമാണ്. അടിച്ചാൽ അതിലും ശക്തമായി തിരിച്ചടിക്കുന്നത് അന്തസ്സും അഭിമാനവുമായി കാണുന്നവരാണ് അധികമാളുകളും. അടികൊണ്ട് മിണ്ടാതിരിക്കുന്നതും അടിച്ചവരോട് ഗുണാകാംക്ഷ പ്രകടിപ്പിക്കുന്നതും അവരുടെ വീക്ഷണത്തിൽ തികച്ചും നാണം കെട്ട ഇടപാടാണ്. ഇങ്ങനെ ചിന്തിക്കുന്നവർക്ക് തിന്മയെ നന്മകൊണ്ട് തടയാനാവില്ല. അത്തരം ആളുകൾ അടിയും തിരിച്ചടിയും തുടർന്നുകൊണ്ടിരിക്കുകയും അതു ചിലപ്പോൾ തീരാസംഘർഷമായും യുദ്ധമായും വികസിക്കുകയും ചെയ്യുന്നു. നല്ല സഹനശേഷിക്കു പുറമെ വിവേകവും വിവരവും കൂടി ഉള്ളവർക്കേ ഉദാരതയുടെയും വിട്ടുവീഴ്ചയുടെയും ദൂരവ്യാപകമായ സദ്ഫലങ്ങളെയും അക്ഷമയുടെയും ക്ഷിപ്രകോപത്തിന്റെയും ദുരന്തങ്ങളെയും കുറിച്ച് ചിന്തിക്കാൻ കഴിയൂ. അത്തരം സദ്ഗുണങ്ങളുള്ളവരാണ് ذُو حَظٍّ عَظِيمٍ. ഭാഷയിൽ കണ്ടുമുട്ടുക, സംഗമിക്കുക, പ്രാപിക്കുക, ലഭിക്കുക തുടങ്ങിയ അർഥങ്ങളുള്ള لقاء -ൽ നിന്നുത്ഭവിച്ച لَقِّي എന്ന ക്രിയയുടെ വർത്തമാനകാല രൂപമാണ് يُلَقَّى. ലഭിക്കുക, പ്രാപിക്കുക എന്നാണ് ഇവിടെ അർഥം. അതിലെ ها എന്ന സർവനാമം സൂചിപ്പിക്കുന്നത് ദുഷ്ടമായതിനെ ഏറ്റവും ശ്രേഷ്ഠമായതുകൊണ്ട് പ്രതിരോധിക്കാനുള്ള കഴിവും സന്നദ്ധതയുമാണ്.

ഈമാനും തഖ്‌വയും വിവരവും വിവേകവുമൊക്കെയുള്ള ശുദ്ധാത്മാക്കളും ചിലപ്പോൾ പ്രകോപിതരായിപ്പോകും. സജ്ജനങ്ങളെ വഴിതെറ്റിക്കാൻ പ്രതിജ്ഞയെടുത്ത ചെകുത്താന്റെ ദുർബോധനമാണതെന്നു മനസ്സിലാക്കണം. ഉപരിസൂചിത സജ്ജന ഗുണങ്ങളുള്ളവർ എന്തക്രമമുണ്ടായാലും അക്ഷമരായി എടുത്തുചാടുംവണ്ണം പ്രകോപിതരായിക്കൂടാ. താൻ പ്രകോപിതനാകുന്നു എന്നുകണ്ടാൽ ഉടനെ, തന്നെ ചെകുത്താൻ സ്വാധീനിക്കുന്നുവെന്ന് മനസ്സിലാക്കുകയും അല്ലാഹുവിൽ ശരണം തേടുകയും ചെയ്യണം. أعوذ بالله من الشيطان الرجيم എന്നാണ് ചെകുത്താനെതിരെ സാധാരണ ഉരുവിടാറുള്ള ശരണ പ്രാർഥന. وَإِمَّا يَنزَغَنَّكَ..... എന്ന വചനം ഇതേ പദങ്ങളിൽ തന്നെ സൂറഃ *അൽ അഅ്റാഫ്* 200-ാം സൂക്തമായി വന്നിട്ടുണ്ട്. കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ കാണുക. ●